**15 - ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 48**

**08-06-2021-ൽ മറുപടിയ്ക്ക്**

**കാർഷിക വിളകൾക്കുള്ള തറവില**

| ചോദ്യം<br>ഡോ. മാത്യു കുഴൽനാടൻ<br>ശ്രീ.ഐ.സി ബാലകൃഷ്ണൻ<br>ശ്രീ. കെ. ബാബു( തൃപ്പൂണിത്തുറ)<br>ശ്രീ. ഷാഫി പറമ്പിൽ | മറുപടി<br>ശ്രീ. കെ.എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |
|---|---|
| (എ) കഴിഞ്ഞ സർക്കാർ തുടക്കമിട്ട കാർഷിക വിളകൾക്കുള്ള തറവില ഉറപ്പാക്കുന്ന പദ്ധതിക്കായി മതിയായ തുക സർക്കാരിൽ നിന്ന് ലഭിക്കാത്തതു കാരണം കർഷകർ കടുത്ത പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ് എന്ന പേരിൽ 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില നിശ്ചയിച്ചു. ടി പദ്ധതി 2020 നവംബർ 1 മുതൽ പ്രാബല്യത്തിൽ വന്നു. കർഷകർ AIMS പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യുകയും ആനുകൂല്യം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്കു നേരിട്ട് നൽകിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും ചെയ്തു. ഈ കാലയളവിൽ, മേൽ പദ്ധതിക്ക് 10.00 കോടി രൂപ അനുവദിക്കുകയും അതിൽ 3.00 കോടി രൂപ നൽകുകയും ചെയ്തു. ഏകദേശം 1.50 കോടി രൂപ കർഷകർക്ക് ഇനിയും നല്കുവാനുണ്ട്. ഈ തുക നടപ്പ് സാമ്പത്തിക വർഷത്തിൽ നൽകുവാനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ് |
| (ബി) വിപണി മാന്ദ്യത്തിനിടയിൽ സർക്കാർ തലത്തിലുള്ള സംഭരണം തടസ്സപ്പെട്ടിരിക്കുന്നതിനാൽ ജീവിതം വഴിമുട്ടിയ കർഷകർക്ക് ബജറ്റ് വകയിരുത്തലുകളുടെ പുനഃക്രമീകരണത്തിലൂടെ കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; | കോവിഡ് 19 രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെട്ടു. ഇത് പരിഹരിക്കുവാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അടിസ്ഥാന വില ലഭ്യമാക്കുന്നതിന് നിലവിൽ 10.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബജറ്റ് പുന:ക്രമീകരണത്തിലൂടെ കൂടുതൽ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്. ഇതിനു പുറമെ അധിക ധനസമാഹരണം മുഖേന അധിക തുക നല്കുന്നതിനുള്ള നടപടികളും പരിശോധിക്കുന്നതാണ്. |

| | |
|---|---|
| (സി) കർഷകർക്ക് ലോൺ മൊറട്ടോറിയം നീട്ടിനൽകുന്നതും കാലാവധി നീട്ടിനൽകുന്ന കാര്യവും പരിഗണിക്കുമോ? | 2021 മാർച്ച് ഒന്നിനും ജൂൺ 30 നും ഇടയിൽ പുതുക്കേണ്ട ഹ്രസ്വകാല കാർഷിക വായ്പകൾ (KCC) 2021 ജൂൺ 30 ന് പുതുക്കിയാൽ മതിയാകും. കൂടാതെ ഇത്തരത്തിൽ പുതുക്കുന്ന വായ്പകൾക്ക് പിഴ പലിശ ഈടാക്കുന്നില്ല എന്ന് മാത്രമല്ല സബ്സിഡിയും ലഭിക്കും എന്നുള്ള നിർദേശം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും നബാർഡും ചേർന്ന് ബാങ്കുകൾക്ക് ഇതിനകം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദേശം കർഷകർക്ക് മോറട്ടോറിയത്തിന് സമാനമായ ഇളവ് നൽകും. അതോടൊപ്പം അടുത്ത SLBC യോഗത്തിൽ കർഷകർക്ക് കാർഷിക ലോണുകൾക്കുള്ള മോറട്ടോറിയം നീട്ടി നൽകാനുള്ള അജണ്ട കൂടി ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**

## <u>വിശദീകരണക്കുറിപ്പ്</u>

കാർഷികോല്പന്നങ്ങൾക്ക വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി **കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്** എന്ന പേരിൽ 16 ഇനം പഴം പച്ചക്കറികൾക്ക് (മരച്ചീനി, വയനാടൻ നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി) 26-10-2020 തീയതിയിൽ കൃഷി (എൻസിഎ) വകുപ്പിൽ നിന്നും ഇറക്കിയ G.O(M.s)No.80/2020/AGRI എന്ന ഉത്തരവ് പ്രകാരം അടിസ്ഥാന വില നിശ്ചയിച്ചു

### <u>പദ്ധതിയുടെ ലക്ഷ്യങ്ങൾ</u>

1. കർഷകർക്ക് വില സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കുക.
2. വിപണി വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതിൽ നിന്ന് കർഷകരെ സംരക്ഷിക്കുക.
3. തിരഞ്ഞെടുത്ത വിളകളുടെ വില കുത്തനെ ഇടിയുമ്പോൾ കർഷകരിൽ നിന്നും തറ വിലയിൽ സംഭരണം നടത്തി കർഷകരെ സംരക്ഷിക്കുക.
4. കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുകയും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുക.
5. ബന്ധപ്പെട്ട എല്ലാ ഏജൻസികളെ ഉൾപ്പെടുത്തി മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുക.

ഒരു നിശ്ചിത കാർഷികോല്പന്നത്തിന്റെ ഉല്പാദനത്തിന് കർഷകന് ലഭിക്കുന്ന ഏറ്റവും കുറഞ്ഞ വിലയാകും അടിസ്ഥാന വിലയെന്നും അടിസ്ഥാന വില പ്രഖ്യാപിക്കുന്നതോടെ അടിസ്ഥാന വിലയേക്കാൾ വിപണി വിലയിൽ ഇടിവുണ്ടാകുമ്പോൾ അടിസ്ഥാന വില കർഷകന് ലഭിക്കുന്നതിനാൽ കർഷകന് ഉണ്ടാകുന്ന വരുമാന നഷ്ടം തടയുമെന്നും അത് വഴി കാർഷിക താല്പര്യം സംരക്ഷിക്കുവാനും വിപണിയിലെ വില വ്യതിയാനങ്ങൾ തടയുവാനും സാധ്യമാകും. കൂടാതെ അടിസ്ഥാന വില നിർണ്ണയം ഒരു കർഷകന് നിശ്ചിത വരുമാനം ഉറപ്പാകുന്നതിനാൽ അടിസ്ഥാന വിലയുള്ള വിളകൾ കൃഷി ചെയ്യാൻ കർഷകനെ പ്രേരിപ്പിക്കുന്നു.

ആനുകൂല്യം ലഭിക്കാൻ ആഗ്രഹിക്കുന്ന കർഷകൻ വിള, വിസ്തീർണം, വിതയ്ക്കൽ വിശദാംശങ്ങൾ, പ്രതീക്ഷിച്ച വിളവ്, വിളവെടുപ്പ് സമയം എന്നിവ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. കാർഷിക പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർ വിളകൾ അനുസരിച്ച് നിർദിഷ്ട സമയങ്ങളിൽ (2 പ്രാവശ്യം) കൃഷിയിടത്തിന്റെ ജിയോ ടാഗ് ചെയ്ത ഫോട്ടോ അപ് ലോഡ് ചെയ്യേണ്ടതാണ്. ഇത് കൃഷി ഭവനുകളിൽ നിന്നും പരിശോധന നടത്തി ഉറപ്പുവരുത്തുന്നതാണ്. ആനുകൂല്യം AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമാണ് ലഭ്യമാകുക. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്, ഇക്കോഷോപ്പുകൾ തുടങ്ങി 550 നോട്ടിഫൈഡ് മാർക്കറ്റുകൾ വഴി വിളകൾ ശേഖരിക്കുന്നതാണ്. അടിസ്ഥാന വിലയേക്കാൾ വിപണി വില താഴ്ന്ന സാഹചര്യത്തിൽ ജില്ലാതല പ്രൈസസ് മോണിറ്ററിങ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം സംഭരണ ഏജൻസികൾ പദ്ധതി നടപ്പിലാക്കി വരുന്നു. കർഷകന് ലഭിക്കേണ്ട വില വ്യത്യാസം നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക നൽകുന്നതാണ്. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും ചെയ്തു.

**സെക്ഷൻ ഓഫീസർ**